**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ .**2939**

18/06/2019 -ൽ മറുപടിയ്ക്ക്

## രജിസ്ട്രേഷൻ വകുപ്പ് നവീകരിക്കാൻ നടത്തുന്ന പ്രവർത്തനങ്ങൾ

**ചോദ്യം**

**ശ്രീമതി.പി. അയിഷാ പോറ്റി**
**ശ്രീ.മുരളി പെരുനെല്ലി**
**,, ഐ.ബി. സതീഷ്**
**,, സി.കൃഷ്ണൻ**

**ഉത്തരം**

**ജി.സുധാകരൻ**
**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)**

(എ) രജിസ്ട്രേഷൻ വകുപ്പിന് കീഴിലുള്ള വിവിധ ഓഫീസുകളിൽ വ്യാപകമായിരുന്ന അഴിമതിയും ഇടനിലക്കാർ വഴി മാത്രമേ കാര്യങ്ങൾ നടക്കുകയുള്ളൂ എന്ന സ്ഥിതിയും മാറ്റുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം രജിസ്ട്രേഷൻ വകുപ്പിലെ അഴിമതി ഒഴിവാക്കുന്നതിന് ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1) രജിസ്റ്റർ ചെയ്യാനുദ്ദേശിക്കുന്ന ആധാര വിവരങ്ങൾ ഓൺലൈനായി നൽകിക്കൊണ്ട് രജിസ്റ്റർ ചെയ്യാനുദ്ദേശിക്കുന്ന തീയതിയും സമയവും മുൻകൂട്ടി നിശ്ചയിച്ച് ഓൺലൈൻ ടോക്കൺ എടുക്കാവുന്ന സംവിധാനം ഏർപ്പെടുത്തി പൊതുജനങ്ങൾക്ക് രജിസ്ട്രാർ ഓഫീസിൽ കാലതാമസം കൂടാതെ ആധാരം രജിസ്റ്റർ ചെയ്യുന്നതിന് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

2)വിൽക്കുന്ന ആളിനോ, വാങ്ങുന്ന ആളിനോ തന്നെ രജിസ്ട്രേഷനായി ആധാരം സ്വയം തയ്യാറാക്കി സമർപ്പിക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കി. പ്രസ്തുത സംവിധാനം കൂടുതൽ സൗകര്യപ്രദമാക്കുന്നതിന്, A3 വലിപ്പത്തിലുള്ള ഫയലിംഗ് ഷീറ്റുകൾ A4 വലിപ്പത്തിലാക്കി പരിഷ്കരിച്ചിട്ടുണ്ട്.

3) ആധാര രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് സബ് രജിസ്ട്രാർ ഓഫീസുകളിൽ ഒടുക്കേണ്ട ഫീസുകൾ ഇ-പേയ്മെന്റ് മുഖേന ട്രഷറിയിൽ ഒടുക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

4) ഒരു ലക്ഷം രൂപയ്ക്കു മുകളിലുള്ള എല്ലാ രജിസ്ട്രേഷൻ സംബന്ധമായ മുദ്രപ്പത്രങ്ങൾക്കും ഇ-സ്റ്റാമ്പിംഗ് സൗകര്യം.

5) ആധാര രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് തന്നെ അവയുടെ ഡിജിറ്റൽ പകർപ്പുകൾ ബന്ധപ്പെട്ട വില്ലേജ്

ഓഫീസുകളിൽ ലഭ്യമാക്കിക്കൊണ്ട് പോക്ക് വരവ് നടപടികൾ കൂടുതൽ സുതാര്യമാക്കി.

6) ഓൺലൈനായി ബാദ്ധ്യതാ സർട്ടിഫിക്കറ്റിന് അപേക്ഷിക്കുന്നതിനും ഇ-പേയ്മെന്റ് സംവിധാനം വിനിയോഗിച്ച് ഫീസ് ഒടുക്കുന്നതിനോടൊപ്പം ബാദ്ധ്യതാ സർട്ടിഫിക്കറ്റ് ഡൗൺലോഡ് ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയതിലൂടെ സബ് രജിസ്ട്രാർ ഓഫീസിൽ നേരിട്ട് ഹാജരാകാതെ തന്നെ ജനങ്ങൾക്ക് ബാദ്ധ്യതാ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നുണ്ട്.

**(ബി)** പുതുതായി പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുന്ന എനിവെയർ രജിസ്ട്രേഷൻ സമ്പ്രദായപ്രകാരം ഭൂമി കൈമാറ്റം ഉൾപ്പെടെയുള്ള ഇടപാടുകൾ ഇനി എവിടെയിരുന്നും ചെയ്യാൻ സാധിക്കുമോ; വിശദാംശം ലഭ്യമാക്കാമോ;

**(ബി)** എനിവെയർ രജിസ്ട്രേഷന്റെ സാധ്യതയെപറ്റിയും , തുടർനടപടികൾ സംബന്ധിച്ചും പരിശോധിച്ചുവരുന്നു.

**(സി)** നൂറു വർഷത്തിലേറെ പഴക്കമുള്ള സബ് രജിസ്ട്രാർ ഓഫീസുകളെ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നവീകരിക്കാൻ നടത്തുന്ന പ്രവർത്തനത്തിന്റെ പുരോഗതി അറിയിക്കാമോ?

**(സി)** രജിസ്ട്രേഷൻ വകുപ്പിലെ 100 വർഷം പഴക്കമുള്ളവയുൾപ്പടെയുള്ള ഓഫീസുകളുടെ നിർമ്മാണം കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടത്തുന്നതിന് അനുമതി നൽകിയിട്ടുള്ളതാണ് . അവയുടെ പ്രവർത്തന പുരോഗതി അനുബന്ധമായി ചേർക്കുന്നു.

**സെക്ഷൻ ഓഫീസർ**

അനുബന്ധം

| കിഫ്ബി മുഖേനയുള്ള രജിസ്ട്രേഷൻ വകുപ്പിലെ കെട്ടിട നിർമ്മാണ പദ്ധതി -തൽസ്ഥിതി വിവരം | | | |
|---|---|---|---|
| **നം.** | **ജില്ല** | **ഓഫീസ്** | **നിർമ്മാണ പുരോഗതി വിവരം** |
| 1 | തിരുവനന്തപുരം | തിരുവല്ലം | കെട്ടിടത്തിന്റെ ഉയരം 9 മീറ്റർ ആക്കി പരിഷ്കരിച്ച പ്ലാൻ നിർമ്മാണ അനുമതിക്കായി തിരുവനന്തപുരം കോർപ്പറേഷൻ ആഫീസിൽ സമർപ്പിച്ചരിക്കുന്നു. കെട്ടിട നിർമ്മാണ പെർമിറ്റ് തിരുവനന്തപുരം നഗരസഭയിൽ നിന്നും ലഭിക്കേണ്ടതുണ്ട്. |
| 2 | | വർക്കല | കെട്ടിട നിർമ്മാണ അനുമതിയ്ക്കായി സോണൽ എക്സ്റ്റംഷനുവേണ്ടി പരിഷ്കരിച്ച സൈറ്റ് പ്ലാനും അപേക്ഷയും വർക്കല മുൻസിപ്പൽ സെക്രട്ടറിയുടെയും, ഓവർസീയറുടെയും അനുമതിയോടെ 29.04.2019 ന് പി.ഡബ്ല്യു2-7897/2018 കത്ത് പ്രകാരം മേഖലാ നഗരാസൂത്രണ കാര്യാലയത്തിലേക്ക് അയച്ചിരിക്കുന്നു. സോണൽ എക്സ്റ്റംഷൻ ലഭ്യമായിട്ടില്ല. |
| 3 | | ചിറയിൻകീഴ് | ടെണ്ടർ ഓപ്പൺ ചെയ്തു. ടെണ്ടർ കമ്മിറ്റിയുടെ അനുമതി ലഭ്യമാക്കേണ്ടതുണ്ട്. |
| 4 | | ആറ്റിങ്ങൽ | അറ്റകുറ്റപ്പണികൾ നടന്നുവരുന്നു. |
| 5 | | രജിസ്ട്രേഷൻ കോംപ്ലക്സ്, നേമം | കിഫ്ബി നിർദേശിച്ച പ്രകാരം പ്ലാൻ ഭേദഗതി ചെയ്തിട്ടുണ്ട്.പരിഷ്കരിച്ച പ്ലാൻ വകുപ്പ് അംഗീകരിച്ച നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റ് കെ.എസ്.സി.സി. തയ്യാറാക്കി വരുന്നു. |
| 6 | | നാവായിക്കുളം | 21 പില്ലറുകളിൽ 17 എണ്ണം പൂർത്തികരിച്ചിട്ടുണ്ട് |
| 7 | | കാഞ്ഞിരംകുളം | ഫൗണ്ടേഷൻ നിർമ്മാണം നടന്നു വരുന്നു |
| 8 | | കന്യാകുളങ്ങര | നിർദ്ദിഷ്ട സൈറ്റിൽ നിന്നും പൊട്ടിച്ചുമാറ്റിയ പാറ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. |
| 9 | | മലയിൻകീഴ് | നിർദ്ദിഷ്ട സൈറ്റിൽ നിന്നും പൊട്ടിച്ചുമാറ്റിയ പാറ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. |

| | | | |
|---|---|---|---|
| 10 | കൊല്ലം | കൊല്ലം | നിലവിലെ കെട്ടിടം ഒരു കെട്ടിട സമുച്ചയത്തിന്റെ ഭാഗമായതിനാൽ അത് മാത്രം പൊളിക്കുന്നത് മറ്റു കെട്ടിടഭാഗങ്ങൾക്ക് ബലക്ഷയം ഉണ്ടാക്കുമെന്ന സാങ്കേതിക പ്രശ്നം പൊതുമരാമത്ത് വകുപ്പ് ഉന്നയിച്ചിട്ടുള്ളതിനാൽ കെട്ടിട നിർമ്മാണ നടപടി ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. |
| 11 | ആലപ്പുഴ | മാരാരിക്കുളം | കെട്ടിടം ലിൻറൽ & സൺഷെയ്ഡ് ലെവൽ വരെയായി |
| 12 | കോട്ടയം | കോട്ടയം രജിസ്ട്രേഷൻ കോംപ്ലക്സ് | പഴയ കെട്ടിടം പൂർണ്ണമായും പൊളിച്ചുമാറ്റി. സൈറ്റ് ക്ലിയർ ചെയ്യുന്നതിന് നടപടികൾ ആരംഭിച്ചു. |
| 13 | | കടുത്തുരുത്തി | ഓഫീസ് നിർമ്മാണത്തിനായുള്ള ടെൻഡർനടപടികൾ പൂർത്തിയായിട്ടുണ്ട്. ജി.എസ്.ടി. റേറ്റ് കൂടിയിട്ടുള്ളതിനാൽ, ടി തുക കൂടി ഉൾപ്പെടുത്തി റിവൈസ്ഡ് സാങ്ഷൻ ലഭിക്കേണ്ടതുണ്ട്. |
| 14 | ഇടുക്കി | തൊടുപുഴ | കെട്ടിട നിർമ്മാണം നടന്നു വരുന്നു. ഫൗണ്ടേഷൻ പൂർത്തിയായി |
| 15 | | തോപ്രാംകുടി | കെട്ടിട നിർമ്മാണം നടന്നു വരുന്നു. ഫൗണ്ടേഷൻ പൂർത്തിയായി |
| 16 | | ഉടുമ്പൻചോല | കെട്ടിട നിർമ്മാണം നടന്നു വരുന്നു. ഫൗണ്ടേഷൻ പൂർത്തിയായി |
| 17 | എറണാകുളം | കുഴുപ്പിള്ളി | അടിത്തറ നിർമ്മാണം പൂർത്തിയായി |
| 18 | | കോതമംഗലം | അടിത്തറ നിർമ്മാണം ആരംഭിച്ചു. |
| 19 | തൃശ്ശൂർ | അക്കിക്കാവ് | അടിത്തറ നിർമ്മാണം പൂർത്തിയായി |
| 20 | | അണ്ടത്തോട് | സൈറ്റ് ഒരുക്കൽ നടപടി നടക്കുന്നു. |
| 21 | | കല്ലേറ്റുംകര | ബിൽഡിംഗ് പൂർണ്ണമായും പൊളിച്ചു മാറ്റി. സൈറ്റ് ക്ലിയർ ചെയ്തിട്ടുണ്ട് |
| 22 | | കുന്ദംകുളം | ബിൽഡിംഗിന്റെ വാർപ്പ് പണി, ചുമരുകളുടെ പണി എന്നിവ ഏകദേശം പൂർത്തീയായി. പുറം ചുവരുകളുടെ പ്ലാസ്റ്ററിംഗ് ജോലികൾ പൂർത്തിയായിട്ടുണ്ട്. |
| 23 | | മുണ്ടൂർ | ടെണ്ടർ നടപടികൾ നടന്നു വരുന്നു. |
| 24 | | പഴയന്നൂർ | കെട്ടിടം ലിൻറൽ & സൺഷെയ്ഡ് ലെവൽ വരെയായി. |

| | | | |
|---|---|---|---|
| 25 | | തൃപ്രയാർ | വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. |
| 26 | പാലക്കാട് | കുഴൽമന്ദം | നിർമ്മാണ സൈറ്റുമായി ബന്ധപ്പെട്ട് കേസ് നിലവിലുള്ളതിനാൽ പുതിയ കെട്ടിട നിർമ്മാണം നാളിതുവരെയും ആരംഭിച്ചിട്ടില്ല. പ്രസ്തുത സ്ഥലം അനധികൃത കൈയേറ്റമുണ്ടാകാൻസാധ്യതയുള്ളതിനാൽ പൊതുമരാമത്തുവകുപ്പുമായി പ്രസ്തുത സ്ഥലം ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| 27 | | ഒറ്റപ്പാലം | പഴയ കെട്ടിടം പൊളിക്കുന്ന നടപടികൾ നടന്നുവരുന്നു. |
| 28 | | തൃത്താല | ഫൗണ്ടേഷൻ വർക്കുകൾ പുരോഗമിക്കുന്നു. |
| 29 | | ചെർപ്പുളശ്ശേരി | ഫൗണ്ടേഷൻ വർക്കുകൾ പുരോഗമിക്കുന്നു |
| 30 | മലപ്പുറം | കുറ്റിപ്പുറം | ഗ്രൗണ്ട് ഫ്ലോറിന്റെ പില്ലർ പണി പൂർത്തിയായി. ഒന്നാം നിലയുടെ നിർമ്മാണം നടന്നു വരുന്നു. |
| 31 | | കൽപകഞ്ചേരി | ഗ്രൗണ്ട് ഫ്ലോറിന്റെ മെയിൻ സ്ലാബ് പണി പൂർത്തിയായി. ഒന്നാം നിലയുടെ സ്ലാബും പണി പൂർത്തിയായി. |
| 32 | | തേഞ്ഞിപ്പലം | രണ്ടാം നിലയുടെ.  പണി നടക്കുന്നു. |
| 33 | | താനൂർ | ഗ്രൗണ്ട് ഫ്ലോറിന്റെ സ്ലാബ് പണി പൂർത്തിയായി. |
| 34 | | മലപ്പുറം | വർക്ക് ഓർഡർ നൽകി. |
| 35 | | പരപ്പനങ്ങാടി | വർക്ക് ഓർഡർ നൽകി. |
| 36 | | രജിസ്ട്രേഷൻ കോംപ്ലക്സ് | കെട്ടിട നിർമ്മാണ പെർമിറ്റിനുള്ള അപേക്ഷ നൽകിയിട്ടുണ്ട്. |
| 37 | | വെസ്റ്റ് ഹിൽ | വർക്ക് ഓർഡർ നൽകി. |
| 38 | | ചാത്തമംഗലം | ടെണ്ടർ നടപടി പൂർത്തിയായി. |
| 39 | | വില്യാപ്പള്ളി | വർക്ക് ഓർഡർ നൽകി. |
| 40 | | പയ്യോളി | രണ്ടാം നിലയുടെ കോൺക്രീറ്റ് കഴിഞ്ഞു. |
| 41 | | ഫറോക്ക് | വർക്ക് ഓർഡർ നൽകി. |
| 42 | കോഴിക്കോട് | പേരാമ്പ്ര | രണ്ടാം നിലയുടെ കോൺക്രീറ്റ് കഴിഞ്ഞു. |
| 43 | | അഴിയൂർ | വർക്ക് ഓർഡർ നൽകി. |
| 44 | | നാദാപുരം | ഒന്നാം നിലയുടെ പണി നടക്കുന്നു. |
| 45 | | നടുവണ്ണൂർ | ഒന്നാം നിലയുടെ പണി നടക്കുന്നു. |

| | | | |
|---|---|---|---|
| 46 | | ചേളന്നൂർ | കെട്ടിട നിർമ്മാണം ആരംഭിച്ചു.. |
| 47 | | തിരുവള്ളൂർ | വർക്ക് ഓർഡർ നൽകി.എന്നാൽ ലേലത്തിൽ പങ്കെടുത്തവരിൽ ഒരാൾ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് എതിരായി ഒരു കേസ് ഫയൽ ചെയ്തിട്ടുള്ളതിനാൽ നിർമ്മാണം ആരംഭിച്ചിട്ടില്ല. |
| 48 | വയനാട് | മാനന്തവാടി | വർക്ക് ഓർഡർ നൽകി. എന്നാൽ ലേലത്തിൽ പങ്കെടുത്തവരിൽ ഒരാൾ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് എതിരായി ഒരു കേസ് ഫയൽ ചെയ്തിട്ടുള്ളതിനാൽ നിർമ്മാണം ആരംഭിച്ചിട്ടില്ല. |
| 49 | കണ്ണൂർ | തളിപ്പറമ്പ് | കെട്ടിടം ലിൻറൽ & സൺഷെയ്ഡ് ലെവൽ വരെയായി. |
| 50 | | ഉളിയിൽ | ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| 51 | കാസറഗോഡ് | തൃക്കരിപ്പൂർ | ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| 52 | | ഉദുമ | ഡേറ്റാബാങ്കിൽ ഉൾപ്പെട്ടിട്ടില്ലാത്ത നിർദ്ദിഷ്ട ഭൂമി റവന്യൂ റിക്കോർഡുകൾ പ്രകാരം വെറ്റ് ലാന്റിൽ ഉൾപ്പെട്ടതായതിനാൽ ഓഫീസ് നിർമ്മാണത്തിനായി പരിവർത്തനാനുമതി ലഭിക്കുന്നതിലേക്കായുള്ള കാസറഗോഡ് ജില്ലാ കളക്ടർുടെ ശിപാർശ ബഹു. സംസ്ഥാന കാർഷികോത്പാദക കമ്മീഷണർ & പ്രിൻസിപ്പൽ സെക്രട്ടറിക്ക് നൽകിയിട്ടുണ്ട്. ഉത്തരവ് ലഭ്യമായിട്ടില്ല. |

**സെക്ഷൻ ഓഫീസർ**